**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1549** **07-02-2023 - ൽ മറുപടിയ്ക്ക്**

**നായരമ്പലം ഗ്രാമപഞ്ചായത്ത് ഭഗവതി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ ഭഗവതി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടി റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമി വിട്ടുനൽകുന്നതിനുള്ള അനുമതിയ്ക്കായി എറണാകുളം കളക്ടറേറ്റിൽ നിന്നും ലാന്റ് റവന്യൂ കമ്മീഷണർക്ക് 11.10.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ; | (എ) | റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിനും, പ്രസ്തുത റോഡ് ഗ്രാമപഞ്ചായത്തിന് വിട്ടു നൽകേണ്ടതാണെങ്കിൽ അതനുസരിച്ച് സർവ്വേ രേഖകളിൽ മാറ്റം വരുത്തുന്നതിനും, കൈമാറ്റം സംബന്ധിച്ച് ശുപാർശ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ബി) | ഗ്രാമപഞ്ചായത്തിന്റെ 2020-2021 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അമ്പതോളം കുടുംബങ്ങൾ പ്രധാന റോഡിലേയ്ക്ക് പ്രവേശിക്കുന്നതുമായ പ്രസ്തുത റോഡിന്റെ ആവശ്യകത കണക്കിലെടുത്ത് അനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ടി സ്ഥലം പഞ്ചായത്തിന് കൈമാറാൻ കഴിയുന്നതാണെങ്കിൽ ആയതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറേറ്റിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇതു സംബന്ധിച്ച ലാന്റ് റവന്യൂ കമ്മീഷണർ ഓഫീസിലേയും സെക്രട്ടേറിയറ്റിലെയും ഫയൽ നമ്പർ വ്യക്തമാക്കാമോ? | (സി) | ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ഫയൽ നം.LR/12423/2022/LR(J7) ആണ്. ഇത് സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ ഫയൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ